# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5192.　　　　02.07.2013 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യ ബസ്സുകളുടെ സമയവും റൂട്ടും പരിശോധിക്കുന്നതിനുള്ള സംവിധാനം</u>

| <u>ചോദ്യം</u><br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>" കോലിയക്കോട് എൻ. കൃഷ്ണൻനായർ<br>" വി. ശിവൻകുട്ടി<br>ശ്രീമതി. പി. അയിഷാ പോറ്റി | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റുകൾ നൽകുന്നതു സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | ബസ്സുകൾ സ്റ്റേജ് കാര്യേജ് ആയി സർവീസ് നടത്തുന്നതിന് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും പെർമിറ്റ് നേടിയിരിക്കേണ്ടതാണ്. ഏത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ കീഴിലുള്ള പ്രദേശത്താണോ വാഹനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്, ആ അതോറിറ്റിക്ക് പെർമിറ്റിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>വാഹനം സംസ്ഥാനത്തിനകത്ത് തന്നെ രണ്ട് റിജിയണിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ഉദ്ദേശിക്കുന്ന റൂട്ട് / ഏരിയയുടെ മുഖ്യഭാഗം ഉൾക്കൊള്ളുന്ന റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്കാണ് പെർമിറ്റിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ഉദ്ദേശിക്കുന്ന റൂട്ട് / ഏരിയ ഓരോ റിജിയണിലും തുല്യമാണെങ്കിൽ, ഏത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ കീഴിലുള്ള പ്രദേശത്താണോ വാഹനം പതിവായി സൂക്ഷിക്കാൻ വയ്ക്കുന്നത്, അവിടെയാണ് പെർമിറ്റിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.<br>രണ്ട് സംസ്ഥാനങ്ങളിലുള്ള പ്രദേശത്താണ് വാഹനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ, അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിക്കാണ് പെർമിറ്റിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്.<br>സ്റ്റേജ് ക്യാരിയേജ് പെർമിറ്റിനായുള്ള അപേക്ഷയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. |

| | | |
|---|---|---|
| | | 1) അപേക്ഷയുമായി ബന്ധപ്പെട്ട റൂട്ട് / റൂട്ടുകൾ / ഏരിയ / ഏരിയകൾ<br>2) വാഹനത്തിന്റെ ടൈപ്പും സീറ്റിങ്ങ് കപ്പാസിറ്റിയും<br>3) കൊടുക്കുവാൻ ഉദ്ദേശിക്കുന്ന ദിവസ ട്രിപ്പുകളുടെ കുറഞ്ഞതും കൂടിയതുമായ എണ്ണം.<br><br>അപേക്ഷയോടൊപ്പം നിർദ്ദേശിച്ചിട്ടുള്ള പ്രമാണങ്ങളും ഉണ്ടായിരിക്കണം.<br><br>റീജിയണൽ ട്രാൻസ് പോർട്ട് അതോറിറ്റി, നിയമം അനുശാസിക്കുന്ന രീതിയിൽ അപേക്ഷ പരിഗണിച്ച ശേഷം, അർഹമായ അപേക്ഷകർക്ക് പെർമിറ്റ് നൽകുന്നു. മറ്റൊരു ആർ.ടി.എ. യുടെ പരിധിയിലും വരുന്ന റൂട്ട് ആണെങ്കിൽ ആ ആർ.ടി.എ. യുടെ കൺകറൻസ് അഥവാ കൌണ്ടർ സിഗ്നേച്ചർ വാങ്ങേണ്ടതുണ്ട്.<br>നിലവിൽ നോട്ടിഫൈഡ് റൂട്ടുകളിലൊന്നും തന്നെ സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ നൽകുന്നില്ല. |
| (ബി) തിരുവനന്തപുരം നഗരത്തിലുൾ-പ്പെടെ നിയമലംഘനം നടത്തി കെ.എസ്. ആർ.ടി. സി .യുടെ വരുമാനം കവരുന്ന തരത്തിൽ സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) തിരുവനന്തപുരത്ത് നിലവിലുള്ള രണ്ടു നോട്ടിഫൈഡ് സ്കീമു-കളിലും ഒന്നര കീ. മീറ്റർ അധികം സഞ്ചരിക്കാൻ നഗരത്തിലോടുന്ന സ്വകാര്യ സർവ്വീസുകൾക്ക് അനുമതി നൽകി -യിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | തിരുവനന്തപുരത്ത് നിലവിലുള്ള രണ്ടു നോട്ടിഫൈഡ് സ്കീമുകളിലും ഒന്നര കിലോ മീറ്റർ അധികം സഞ്ചരിക്കാൻ നഗരത്തിലോടുന്ന സ്വകാര്യ സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിൽ റൂട്ട് വേരിയേഷന് അപേക്ഷിച്ചിട്ടുള്ള സ്വകാര്യ ബസ്സുകൾക്ക് സിറ്റി പരിധിയിൽ നിന്നും 5 കിലോമീറ്റർ ദൂരം വരെ സർവ്വീസ് നടത്തുന്നതിന് ടി അപേക്ഷകൾ പരിശോധിച്ചശേഷം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി അനുമതി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം സിറ്റി & മൊഫ്യൂസിൽ സ്കീം പരിഷ്കരിക്കുന്നതിനും നോട്ടിഫൈഡ് സ്കീമുകളിലേക്ക് ഒന്നര കി. മീറ്റർ കവിയാൻ നൽകിയ അനുമതി പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (ഡി) | ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഇ) | തിരുവനന്തപുരം നഗരത്തിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകിയതിലെ അഴിമതിയുമായി ബന്ധപ്പെട്ട് ലോകായുക്തയുടെ മുന്നിൽ നിലവിലുള്ള രണ്ടു കേസ്സുകളുടെയും സ്ഥിതിയെന്താണെന്നും ഈ കേസ്സുകളിൽ ആരെല്ലാമാണ് പ്രതികളെന്നും വ്യക്തമാക്കുമോ ; | (ഇ) | കേസുകൾ ലോകായുക്തയുടെ പരിഗണനയിലാണ്. ജില്ലാ കളക്ടർ ആന്റ് ആർ.ടി.എ. ചെയർമാൻ തിരുവനന്തപുരം, ഡി.ടി.സി. (ദക്ഷിണ മേഖല), ആർ.ടി.എ. സെക്രട്ടറി തിരുവനന്തപുരം, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തിരുവനന്തപുരം, സിറ്റി പോലീസ് കമ്മീഷണർ, ഗതാഗത കമ്മീഷണർ, ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, എം.ഡി – കെ.എസ്.ആർ.ടി.സി., ശ്രീ. കമലോൽഭവൻ, മണിമന്ദിരം, ആറ്റിങ്ങൽ എന്നിവർ പ്രതികളാണ്. |
| (എഫ്) | നഗരത്തിലോടുന്ന സ്വകാര്യ ബസ്സുകളുടെ സമയവും റൂട്ടും പരിശോധിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (എഫ്) | സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്നതിന്റെ സമയകൃത്യത പാലിക്കുന്നുണ്ടോയെന്ന് മൊബൈൽ എൻഫോഴ്സ്മെന്റിന്റെ സ്ക്വാഡ് വഴിയും ഫീൽഡ് ഓഫീസർമാർ മുഖേനയും കൂടുതൽ വാഹന പരിശോധന നടത്തി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് വയലേഷൻ നിരീക്ഷിക്കുന്നതിന് കെ.എസ്.ആർ.ടി.സി. യുടെ തിരുവനന്തപുരം മേഖലാ അധികാരി കൺവീനറായി ഒരു സെൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.